(ബി) പൂർണ്ണമായി നടപ്പാക്കിയിട്ടില്ല എന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) താൽക്കാലികമായി കനാലുകൾ ശുചീകരിക്കുന്നതിനുള്ള പണി നടന്നുവരുന്നു. എന്നാൽ പണിക്ക് നിശ്ചയിച്ചിട്ടുള്ള കാലാവധിക്കുള്ളിൽ കാര്യമായ പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടില്ല. വർക്ക് എടുത്തിരിക്കുന്ന കോൺട്രാക്റ്റിംഗ് ഏജൻസിക്ക് പണി എത്രയും വേഗം പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## കോവളം കനാൽ പാട്ടത്തിന് നൽകുന്നതിലൂടെ തൊഴിൽ രഹിതരാവുന്ന കയർ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി

83 [1832] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം കനാലിൽ ഫ്ളോട്ടിംഗ് കോട്ടേജ് കെട്ടുന്നതിലൂടെ ഉണ്ടാകുന്ന തടസ്സത്തെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ;

(ബി) കനാൽ പാട്ടത്തിനു നൽകുന്നതിനാധാരമായിട്ടുള്ള നിയമ വ്യവസ്ഥ വെളിപ്പെടുത്തുമോ;

(സി) കനാൽ പാട്ടത്തിനു നൽകുന്നതിലൂടെ തൊഴിൽരഹിതരാകുന്ന കയർ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി വിശദമാക്കുമോ?

ഉത്തരം

(എ) കോവളം കനാലിന്റെ അവസാനഭാഗത്തുള്ള വീതിയേറിയ സ്ഥലമാണ് ഫ്ളോട്ടിംഗ് കോട്ടേജിനുവേണ്ടി ആവശ്യപ്പെട്ടതെന്നതിനാൽ നാഷണൽ വാട്ടർ.വേയ്ക്ക് തടസ്സം ഉണ്ടാകുന്നില്ല.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

## മത്സ്യസമ്പത്തിന്റെ വികസനത്തിന് പദ്ധതി

84 [1833] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. സാജു പോൾ:
ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യസമ്പത്ത് പൂർണ്ണമായും വികസിപ്പിച്ചെടുക്കുവാൻ സർക്കാർ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ട്രോളിംഗ് നിരോധനകാലത്ത് മത്സ്യസമ്പത്ത് വർദ്ധിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് സർക്കാർ നടത്തിയ പഠന റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly